പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1217 **15-10-2026-ൽ മറുപടിയ്ക്ക്**

<u>വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. അൻവർ സാദത്ത്

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; കൊഴിഞ്ഞുപോക്കിനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് ചുവടെ പറയുന്ന പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു.

1. സാമ്പത്തികവും സാമൂഹികവുമായ പിന്തുണ: സൗജന്യ യൂണിഫോം, സൗജന്യ പാഠപുസ്തകം, ഉച്ചഭക്ഷണം, അർഹരായ കുട്ടികൾക്കുള്ള സാമ്പത്തിക സഹായം, ഹോസ്റ്റൽ സൗകര്യം, യാത്രാസഹായം തുടങ്ങിയവ പഠനം തുടരാൻ സഹായിക്കുന്നു. പട്ടികജാതി, പട്ടികവർഗ്ഗ കുട്ടികൾക്കായി പ്രത്യേക പിന്തുണ സംവിധാനങ്ങളും ഉണ്ട്.

2. അക്കാദമിക പിന്തുണ സംവിധാനം

3. വിദ്യാഭ്യാസ വോളന്റിയർമാരുടെ സേവനവും ബ്രിഡ്ജ് കോഴ്സുകളും

4. തുടർച്ചയായ ഹാജരില്ലായ്മ ശ്രദ്ധിക്കുകയും വീട്ടിലെ സാഹചര്യം അന്വേഷിക്കുകയും രക്ഷിതാക്കളുമായി സംസാരിക്കുകയും പഠനത്തിൽ പ്രയാസം നേരിടുന്ന കുട്ടികൾക്ക് അധിക പിന്തുണ നൽകുകയും ചെയ്തു വരുന്നു.

കുട്ടികളുടെ കൊഴിഞ്ഞുപോക്കിനുള്ള പ്രധാന കാരണങ്ങൾ ചുവടെ നൽകുന്നു:

1. കുടുബത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ

2. പഠനത്തോടൊപ്പം ജോലി ചെയ്യേണ്ടിവരുന്നത്.

3. മാതാപിതാക്കളുടെ വിദ്യാഭ്യാസപരമായ പിന്തുണയുടെ കുറവ്

4. കുടുംബ പ്രശ്നങ്ങൾ, മാതാപിതാക്കളുടെ വേർപിരിയൽ, കുടുംബത്തിലെ അസ്വസ്ഥമായ സാഹചര്യം

5. താമസ സ്ഥലത്തെ മാറ്റം, കുടിയേറ്റം

6. അധ്യാപകരുടെയും രക്ഷിതാക്കളുടെയും ഇടയിൽ ഫലപ്രദമായ ആശയ വിനിമയം ഇല്ലാതിരിക്കുക.

7. ആത്മവിശ്വാസ കുറവും താൻ മറ്റുള്ളവരെപ്പോലെ പഠിക്കാൻ കഴിയില്ലെന്ന തോന്നലും.

തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറിയിൽ വിദ്യാർത്ഥികളെ തങ്ങളുടെ വിദ്യാഭ്യാസ-കരിയർ യാത്രയിൽ ശരിയായ തീരുമാനങ്ങളെടുക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ, കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ (CGCC) വാർഷിക പദ്ധതിയുടെ ഭാഗമായി "VHSE Voyage: Navigating Career Horizons" എന്ന പേരിൽ ഒരു സ്വാഗത സെമിനാർ സംസ്ഥാനത്തെ എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലും പ്രവേശന സമയത്ത് തന്നെ നടത്തിയിരുന്നു.

സെമിനാറിന്റെ പ്രധാന ലക്ഷ്യങ്ങൾ:

1. കോഴ്സ് അവബോധം (Course Awareness): ലഭ്യമായ വിവിധ VHSE കോഴ്സുകൾ, അവയുടെ പ്രത്യേകതകൾ, പാഠ്യപദ്ധതി എന്നിവ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുക.

2. തൊഴിൽ നൈപുണ്യ തിരിച്ചറിവ് (Skills Recognition): തൊഴിൽ വിപണിയിൽ ഏറെ പ്രിയമേറിയ പ്രായോഗിക ജ്ഞാനവും നൈപുണ്യങ്ങളും ഈ കോഴ്സുകളിലൂടെ എങ്ങനെ നേടിയെടുക്കാമെന്ന് വ്യക്തമാക്കുക.

3. കൃത്യമായ തീരുമാനമെടുക്കൽ (Informed Decision-Making): വിദ്യാർത്ഥികളുടെ താല്പര്യം, അഭിരുചി എന്നിവയ്ക്കനുസരിച്ച് ശരിയായ കരിയർ പാത തിരഞ്ഞെടുക്കാൻ അവരെ സഹായിക്കുക.

4. പ്രേരണയും പ്രചോദനവും ((Inspiration): മുൻകാലങ്ങളിൽ വിജയം കൈവരിച്ച VHSE പൂർവ്വ വിദ്യാർത്ഥികളുടെ (Alumni) വിജയഗാഥകൾ പങ്കുവെച്ചുകൊണ്ട് വിദ്യാർത്ഥികളിൽ ആത്മവിശ്വാസം വളർത്തുക.

തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറിയിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ശതമാനം വളരെ കുറവാണ്. ഹയർസെക്കണ്ടറിയിലെ വിദ്യാർത്ഥികൾക്കായുള്ള സീറ്റ് ഒഴിഞ്ഞ് കിടക്കുന്നത് തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറിയിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.

(ബി) പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ;

മറുപടി: പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി സമഗ്രശിക്ഷ കേരളത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾ ചുവടെ നൽകുന്നു;

1. റിവൈവ് - നവജീവനം

2. ഫൗണ്ടേഷണൽ ലിറ്ററസി & ന്യൂമറസി പ്രവർത്തനങ്ങൾ

3. പഠനപോഷണ പരിപാടികൾ

4. പ്രീ-സ്കൂൾ ശാക്തീകരണം

5. ഗണിത പ്രോഗ്രാമുകൾ

6. ശാസ്ത്ര പ്രോഗ്രാമുകൾ

7. ബീച്ച് ടു ബെഞ്ച്

8. നൃതനാശയ പ്രവർത്തനങ്ങൾ

9. കേരള ക്ലൈമറ്റ് കണക്ട്

10. ടിങ്കറിംഗ് ലാബ്

11. സ്റ്റീം ഇക്കോ സിസ്റ്റം

12. ശാസ്ത്രപഥം

13. ഗണിതവിജയം

14. ഗണിതോത്സവം

15. അളക്കാം പഠിക്കാം

തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി വിഭാഗം ഡയറക്ടറേറ്റ് തലത്തിലും, മേഖലാ തലത്തിലും, അക്കാദമിക ഇൻസ്പെക്ഷൻ നടത്തുന്നതിനും മുൻവർഷങ്ങളിൽ 100% റിസൽറ്റ് ഉണ്ടായ സ്കൂളുകളുടെ പ്രവർത്തനം അവലോകനം ചെയ്ത് പ്രസ്തുത പ്രവർത്തനങ്ങൾ/ കൂടുതൽ പ്രവർത്തനങ്ങൾ സ്കൂൾ മീറ്റിംഗ് കൂടി മറ്റ് സ്കൂളുകളും മാതൃകയാക്കി, പഠന നിലവാരം ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും തീരുമാനിച്ചു. ആയതിന്റെ അവലോകനം നടത്താനും തീരുമാനിച്ചു.

(സി) പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ കുറഞ്ഞുവരുന്നത് അധ്യാപക നിയമനത്തെ ബാധിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മറുപടി: ബാധിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ കുറഞ്ഞതുമൂലം ബാച്ചുകൾ ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. തുടർന്നും ബാച്ചുകൾ ഷിഫ്റ്റ് ചെയ്യേണ്ട സാഹചര്യമാണുള്ളത്.

സെക്ഷൻ ഓഫീസർ